പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1196

02-05-2017 ൽ മറുപടിക്ക്

## കരുനാഗപ്പള്ളി മണ്ഡലത്തിലെ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പദ്ധതികളൊന്നും നിലവിലില്ല. |
| ബി) ഈ പ്രദേശത്തെ കൃഷിയിടങ്ങളിലെ മണ്ണിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും, മണ്ണിന്റെ ഫലപുഷ്ടത നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും വിശദമായ മണ്ണ് പര്യവേക്ഷണം പൂർത്തീകരിച്ചിട്ടുണ്ട്. മണ്ണ് പര്യവേക്ഷണ കാലയളവിൽ ഓരോ പ്രദേശത്തും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിച്ച്, ഈ പരിശോധനാഫലം അവലോകനം നടത്തി ഭൂപടം സഹിതം മണ്ണ് പര്യവേക്ഷണ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| സി) തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കി മാറ്റുമ്പോൾ മണ്ണ് പരിശോധന നടത്തി അനുയോജ്യമായ വിളകളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കുമോ? | (സി) | തരിശു നിലങ്ങളിൽ കൃഷിക്കു മുമ്പ് മണ്ണു സാമ്പിളുകളെടുത്ത് മണ്ണു പരിശോധന നടത്തി, മണ്ണിലടങ്ങിയിരിക്കുന്ന പ്രാഥമിക, ദ്വിതീയ, സൂക്ഷ്മ മൂലകങ്ങളുടെ അളവ്, പി.എച്ച് മുതലായവ നിർണ്ണയിച്ച് ആവശ്യമായ ജൈവ രാസവള ശിപാർശയോടെ മണ്ണു പരിപോഷണ കാർഡ് (സോയിൽ ഹെൽത്ത് കാർഡ്) നൽകി വരുന്നു. ഓരോ പഞ്ചായത്തിലെയും കൃഷിഭവനുകളിലൂടെ കർഷകരുടെ കൃഷിയിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന മണ്ണു സാമ്പിളുകൾ അതത് ജില്ലാ/മണ്ണു പരിശോധനാലാബുകളിലാണ് പരിശോധിക്കുന്നത്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'സോയിൽ ഹെൽത്ത് കാർഡ്' |

| | | |
|---|---|---|
| | | പദ്ധതി വഴി കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനാഫലം 'സോയിൽ ഹെൽത്ത് കാർഡ്'' എന്ന കേന്ദ്ര സർക്കാർ നിയന്ത്രിത പോർട്ടലിൽ അപ് ലോഡ് ചെയ്ത് 'സോയിൽ ഹെൽത്ത് കാർഡ്'' ജനറേറ്റ് ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ